## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

മിക്കവാറും എല്ലാ വഴികളിലുടെയും ആടുകൾ പോകുന്നുണ്ടാകാം. അങ്ങനെയെങ്കിൽ ആടുകൾ സഞ്ചരിക്കേണ്ടതായ ശരിയായ പാത എങ്ങനെ അറിയാം. അത് ഇടയന് അറിയാം. ഇടയൻ തന്റെ ശബ്ദം ആടുകളെ പഠിപ്പിച്ചിട്ടുണ്ട്. മുൻപേ പോകുന്ന ഇടയൻ ഒരു പ്രത്യേകശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. ആടുകൾ ആ ശബ്ദം കേൾക്കുകയും ആ സ്ഥലത്തേക്ക് നടക്കുകയും ചെയ്യുന്നു. ആടുകൾ ഇടയനെ കാണുന്നില്ലായെങ്കിലും അവന്റെ ശബ്ദം കേൾക്കുകയും ആ ശബ്ദത്തെ അനുഗമിക്കുകയും ചെയ്യുന്നു. ഒരേ വഴിയിലൂടെയും ഒരേ കുന്നിൻ പുറത്തുകളുടെയും പല ഇടയന്മാർ തങ്ങളുടെ ആടുകളുമായി പോകുന്നുണ്ടായിരിക്കും.

ആ ഇടയന്മാരെല്ലാം പ്രത്യേകശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കും, അങ്ങനെയെങ്കിൽ പല ശബ്ദങ്ങൾ മുഴങ്ങുമ്പോൾ, ആടുകൾ വിവിധ ശബ്ദങ്ങളാൽ കുഴങ്ങി വഴിതെററി ചിതറിപ്പോകുവാൻ ഇടയുണ്ട്. എന്നാൽ സാധാരണ ഗതിയിൽ അങ്ങനെ സംഭവിക്കാറില്ല. എന്തുകൊണ്ടെന്നാൽ, ഓരോ ആടിനും അതിന്റെ ഇടയന്റെ ശബ്ദം തിരിച്ചറിയാം എന്നതാണ്. തന്റെ ഇടയന്റെ ശബ്ദം തിരിച്ചറിയുന്ന ആടുകൾ ആ ശബ്ദം എവിടെ നിന്ന് വരുന്നവോ, അവിടേക്കു തന്നെ പോകുകയും അങ്ങനെ യാതൊരു തെററും പററാതെ സ്വന്തം ഇടയനെ പിൻപററുവാൻ സംഗതിയാകുകയും ചെയ്യുന്നു.

എന്നാൽ ഒരാടിന് ഇടയന്റെ ശബ്ദം തിരിച്ചറിയാൻ കഴിയുന്നില്ല എന്നു വിചാരിക്കുക. ആടുകളുടെ വലിയ കൂട്ടത്തിൽ അതു അകപ്പെടുന്നു. സ്വന്തം ഇടയനെ കാണുവാൻ കഴിയുന്നില്ല. പല ഇടയന്മാർ ശബ്ദം പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നു. തന്റെ ഇടയന്റെ ശബ്ദം എന്തെന്ന് തിരിച്ചറിയാൻ അതിന് കഴിയുന്നില്ല. അതുകൊണ്ട് ഊഹത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു സ്ഥാനത്തേക്ക് അത് നടക്കുന്നു. ചെന്ന് ചേരുന്നത് തെററായ ഇടയന്റെ അടുക്കലേക്കായിരിക്കാം. അതും അല്ലെങ്കിൽ ശബ്ദം തിരിച്ചറിയാത്തതിനാൽ, എങ്ങോട്ടു പോകണമെന്നറിയാതെ കുഴങ്ങി അവിടെ തന്നെ നിന്നു പോയെന്നു വരാം. ആ സമയത്ത് മററു ആടുകൾ എല്ലാം പോയിരിക്കാം. തക്കം പാർത്തു നടക്കുന്ന ദുഷ്ടമൃഗം അതിന്റെമേൽ ചാടിവീണു കഴിഞ്ഞിരിക്കാം.

തുടരും....